**INSTITUTE OF HUMAN RESOURCES DEVELOPMENT**
**PRAJO'E TOWERS, VAZHUTHACAUD**
**THIRUVANANTHAPURAM**

**ഡിബി2/7432/2013/എച്ച്.ആർ.ഡി** **തീയതി: 17.02.2017**

## സർക്കുലർ

വിഷയം:- ഐ.എച്ച്.ആർ.ഡി – ടി.എച്ച്.എസ്സ്.എൽ.സി മാർച്ച് 2017 – പൊതുവിഷയങ്ങളുടെ ചോദ്യപേപ്പറുകൾ എസ്സ്.എസ്സ്.എൽ.സിയോടൊപ്പം വിതരണം നടത്തുന്നത് - സംബന്ധിച്ച്

സൂചന:- നമ്പർ: ഇ.എക്സ്/എ (6)/58000/16/സി.ജി.ഇ (1) തീയതി 06.02.2017 - ലെ പരീക്ഷാകമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും വന്ന സെക്രട്ടറിയുടെ കത്ത്

പരീക്ഷാ ഭവൻ സെക്രട്ടറിയുടെ 06.02.2017 - ലെ കത്തിൽ ഐ.എച്ച്.ആർ.ഡിയുടെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ സ്കൂളുകളിലെ സൂപ്രണ്ട്/പ്രിൻസിപ്പാൾമാർ സോർട്ടിംഗ് ദിനത്തിൽ സോർട്ടിംഗ് സെന്ററുകളിൽ കൃത്യമായി എത്തിച്ചേരാൻ നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കത്തിൽ ആവശ്യപ്പെട്ടതുപോലെ ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എല്ലാ ടെക്നിക്കൽ സ്കൂളുകളിലേയും സൂപ്രണ്ട്/പ്രിൻസിപ്പാൾമാരും, ജില്ലാവിദ്യാഭ്യാസ ഓഫീസറുമാരുടെ നിർദ്ദേശപ്രകാരം സോർട്ടിംഗ് ദിനത്തിൽ അതാത് സ്റ്റോറിംഗ് സെന്ററുകളിൽ നിർബന്ധമായും എത്തിച്ചേരേണ്ടതാണ്. കൂടാതെ ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എല്ലാ ടെക്നിക്കൽ സ്കുളുകളിലേയും സൂപ്രണ്ട്/പ്രിൻസിപ്പാൾമാരും, ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷയുമായി ബന്ധപ്പെട്ട് വിളിച്ചു ചേർക്കുന്ന മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഏവരുടേയും സഹകരണവും പ്രതീക്ഷിച്ചു കൊള്ളുന്നു.

**ഒപ്പ്**
**ഡോ. പി. സുരേഷ് കുമാർ**
**ഡയറക്ടർ**

ഉള്ളടക്കം: മേൽ സൂചന കത്ത് പ്രകാരം

പകർപ്പ്

1. ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എല്ലാ ടെക്നിക്കൽ സ്കുളുകളിലേയും പ്രിൻസിപ്പാൾമാർക്ക്
2. കരുതൽ ഫയൽ
3. ഓഫീസ് പകർപ്പ്

**അംഗീകാരത്തോടെ**

Padmakumar

**ജൂനിയർ സൂപ്രണ്ട്**

S. 18.02.2017

നം. ഇ.എക്സ്/എ(6)/58000/2016/സി.ജി.ഇ(1)

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി : 06/02/2017

സെക്രട്ടറി,
പരീക്ഷാഭവൻ

ഡയറക്ടർ
ഐ.എച്ച്.ആർ.ഡി.
വഴുതയ്ക്കാട്
തിരുവനന്തപുരം.

സർ,

വിഷയം:- ടി.എച്ച്.എസ്.എൽ.സി. മാർച്ച് 2017 പൊതുവിഷയങ്ങളുടെ ചോദ്യപേപ്പറുകൾ - എസ്.എസ്.എൽ.സി.യോടൊപ്പം വിതരണം നടത്തുന്നത് -സംബന്ധിച്ച്

സൂചന: - (1) നം.ഇ.എക്സ്/സി.ജി.എൽ.(3)/2016/സി.ജി.ഇ പ്രകാരം 21.10.2016 ലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയുടെ വിജ്ഞാപനം

(2) പരീക്ഷാകമ്മീഷണറുടെ ഇതേ നമ്പർ പ്രകാരമുള്ള 28.01.2016 ലെ ഉത്തരവ്.

.......

2017-ലെ എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി. പരീക്ഷകൾ മാർച്ച് 8-ാം തീയതി മുതൽ ആരംഭിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം അതീവ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ചോദ്യപേപ്പറുകൾ അച്ചടിക്കുന്നതും വിതരണം ചെയ്യുന്നതും. പരീക്ഷാ ദിവസം മാത്രമേ ചോദ്യ പേപ്പറുകൾ പരീക്ഷാ കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്യുകയുള്ളൂ. ടി.എച്ച്.എസ്.എൽ.സി.യുടെയും, എസ്.എസ്.എൽ.സി.യുടെയും പൊതു വിഷയങ്ങൾക്ക് ഒരേ ചോദ്യപേപ്പർ തന്നെയാണ് കഴിഞ്ഞ വർഷം മുതൽ ഉപയോഗിച്ചുവരുന്നത്. ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ സ്കൂളുകളിലും ഈ വർഷം മുതൽ പൊതു വിഷയങ്ങൾക്ക് എസ്.എസ്.എൽ.സി.യുടെ ചോദ്യപേപ്പറുകളാണ് ഉപയോഗിക്കുന്നത്.

ചോദ്യപേപ്പറുകൾ 2017 മാർച്ച് 2, 3, 4 തീയതികളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നിയന്ത്രണത്തിലുള്ള സ്റ്റോറിംഗ് സെന്ററുകളിൽ വച്ച് തരംതിരിച്ച് ട്രഷറികളിലും, ബാങ്കുകളിലുമായി സൂക്ഷിച്ച് ഓരോ ദിവസത്തേയും പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ അതാത് ദിവസം രാവിലെ മാത്രം പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

ആയതിനാൽ എല്ലാ ടെക്നിക്കൽ സ്കൂളുകളിലേയും സൂപ്രണ്ട്/ പ്രിൻസിപ്പാൾമാരും, ജില്ലാവിദ്യാഭ്യാസ ആഫീസറുടെ നിർദ്ദേശ പ്രകാരം സോർട്ടിംഗ് ദിനത്തിൽ അതാത് സ്റ്റോറിംഗ് സെന്ററുകളിലെത്തിച്ചേരേണ്ടതാണ്. അങ്ങയുടെ അധികാര പരിധിയിലുള്ള ടി.എച്ച്.എസ്.എൽ.സി. സൂപ്രണ്ട്/പ്രിൻസിപ്പാൾമാർക്ക് ഇതു സംബന്ധമായി കർശന നിർദ്ദേശം നൽകേണ്ടതും, ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസർമാർ പരീക്ഷയുമായി ബന്ധപ്പെട്ട് വിളിച്ച് ചേർക്കുന്ന മീറ്റിംഗിൽ നിർബന്ധമായും എത്തിച്ചേരുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

സെക്രട്ടറി

പകർപ്പ്:

ബന്ധപ്പെട്ട എല്ലാ ടെക്നിക്കൽ സൂപ്രണ്ട്/പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കും.

B/M-70